# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4144 — 03.02.2014 - ൽ മറുപടിയ്ക്ക്

## 'ആയുഷ്' പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എൻ.ആർ.എച്ച്. എം-ന്റെ കീഴിൽ കേന്ദ്ര സർക്കാർ പദ്ധതിയായ 'ആയുഷ്' കേരളത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എല്ലാ ചികിത്സാ പദ്ധതികളും ഒരേ സംവിധാനത്തിൻ കീഴിൽ ക്രമീകരിക്കുന്ന പ്രസ്തുത പദ്ധതി ഓരോ പി.എച്ച്. സി. യിലും നടപ്പിലാക്കുവാൻ എന്ത് തുകയാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്നത് ;<br>(ബി) സംസ്ഥാന സർക്കാർ ഇതിന് അംഗീകാരം നൽകിയിട്ടുണ്ടോ ; എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ ഇതിന് അംഗീകാരം നൽകാത്തത് എന്നു വ്യക്തമാക്കാമോ ; ഇതുമൂലം പ്രതിവർഷം എന്ത് തുകയുടെ നഷ്ടമാണ് ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കാമോ ; ആയുഷ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (എ) & (ബി) | സംസ്ഥാനത്ത് പുതിയ ആയുഷ് വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പി.എച്ച്.സി.കളിൽ ആയുഷ് ഒ.പി. ക്ലിനിക്കുകൾക്കായി one time grant എന്ന നിലയ്ക്ക് 15 ലക്ഷം രൂപയും ( പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ഫർണിച്ചർ ഉപകരണങ്ങൾ വാങ്ങുന്നതിനും) അടിയന്തിര ആവശ്യങ്ങൾക്കായി 30,000/- രൂപയും മരുന്ന് വാങ്ങുന്നതിനും രോഗികൾക്ക് ആഹാരം വാങ്ങുന്നതിനുമായി 3 ലക്ഷം രൂപയുമാണ് കേന്ദ്ര സർക്കാരിന്റെ ആയുഷ് വകുപ്പ് അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ co-allocate ചെയ്യപ്പെടുന്നതി - ലേയ്ക്കായി അനുവദിക്കുന്ന തുക അടിസ്ഥാനമാക്കി മാത്രമേ നഷ്ടം കണക്കാക്കാൻ കഴിയുകയുള്ളൂ |

സെക്ഷൻ ഓഫീസർ